**III ഇ.ബി..XII-കേരള നിയമസഭ/I-8**

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ജൂൺ 23, വെള്ളി**

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ധനകാര്യം**

**2006-2007 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ട് അവതരണവും**

ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് 2006-2007 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിച്ചു.

രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.25-ന് പൂർത്തിയാക്കി.

ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും സഭയിൽ വിതരണം ചെയ്യുന്നതാണെന്നും ബഡ്ജറ്റ് ഡോക്കുമെന്റ്സ് എം. എൽ. എ.മാർക്ക് എം. എൽ. എ ഹോസ്റ്റലിൽ അവരവരുടെ മുറികളിൽ എത്തിക്കുന്നതാണെന്നും പത്രപ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്കുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ 407-ാം നമ്പർ മുറിയിൽ നിന്നും ലഭിക്കുന്നതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

2006 ജൂൺ 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.28-ന് പിരിഞ്ഞു.